(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ രോഗം പിടിപെട്ട് എത്ര തടവുകാർ ഈ അടുത്തകാലത്ത് മരണമടഞ്ഞിട്ടുണ്ട്; അവർ ആരെല്ലാം?

ഉത്തരം

(എ) അത്തരം പരാതിയുള്ളതായി അറിവില്ല.

(ബി) ശരിയല്ല.

(സി) 1.1.1978 മുതൽ 1.1.1979 വരെ രോഗം പിടിപെട്ട് നാലു പേർ മരണമടഞ്ഞിട്ടുണ്ട്. അവരുടെ പേർവിവരങ്ങൾ താഴെ ചേർക്കുന്നു.

1.	സി. നമ്പർ	4524	മുഹമ്മദ് സാലി
2.	,,	5443	പൊന്നുസ്വാമി ഗൗണ്ടർ.
3.	,,	5195	ദിവാകരൻ
4.	,,	5494	ഗോപിനാഥൻ നായർ

പോലീസ് വകുപ്പിനുവേണ്ടി ഒരു സീക്രട്ട് സർവ്വീസ് ഫണ്ട്

991 [1597] ശ്രീ. പി.ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിനുവേണ്ടി ഒരു സീക്രട്ട് സർവ്വീസ് ഫണ്ട് നീക്കിവയ്ക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1977-78 എന്നീ വർഷങ്ങളിൽ എത്ര സംഖ്യ നീക്കിവച്ചു;

(സി) ഇത് എന്താവശ്യത്തിനു ഉപയോഗിക്കാനാണ് നിർദ്ദേശം;

(ഡി) ഈ ഫണ്ടിലെ പണം ദുരുപയോഗപ്പെടുത്താതിരിക്കാൻ വല്ല നിബന്ധനയുമുണ്ടോ;

(ഇ) ഇതിൽനിന്നും 1977-78-ലും 1978-79-ലും എത്ര രൂപ വീതം ചെലവഴിച്ചു; എന്തിനുവേണ്ടി ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1977-78-ൽ 2 ലക്ഷം രൂപയും 1978-79-ൽ 2.5 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഈ ഫണ്ട് രാജ്യതാൽപര്യം മുൻനിർത്തിയുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങളെ സംബന്ധിച്ചു പൊതുതാൽപര്യം മുൻനിർത്തിയും മറ്റ് ആവശ്യമായ രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) 1977-78-ൽ 2 ലക്ഷം രൂപ 1978-79-ൽ 2.38 ലക്ഷം രൂപ പൊതുതാൽപര്യം മുൻനിർത്തി എന്തു പ്രത്യേക ആവശ്യത്തിനു ഉപയോഗിച്ചു എന്നു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly